**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 116** **19-06-2024 - ൽ മറുപടിയ്ക്ക്**

**എസ്.എസ്.എൽ.സി., ഹയർ സെക്കൻഡറി പരീക്ഷകൾ സമയബന്ധിതമായി നടത്താൻ സ്വീകരിച്ച നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ),<br>ഡോ. കെ. ടി. ജലീൽ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. എൻ. കെ. അക്ബർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2024-ലെ എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി പരീക്ഷകൾ സമയബന്ധിതവും ശാസ്ത്രീയവുമായി നടത്തുന്നതിന് സ്വീകരിച്ച മുന്നൊരുക്കങ്ങൾ വിശദമാക്കാമോ; | (എ) | **എസ്.എസ്.എൽ.സി**<br><br>2024 മാർച്ചിൽ നടന്ന എസ്.എസ്.എൽ.സി പരീക്ഷയുടെ വിജ്ഞാപനം 16/10/2023 ന് പുറപ്പെടുവിച്ചു. എസ്.സി.ഇ.ആർ.ടി ലഭ്യമാക്കിയിട്ടുള്ള വിഷയ വിദഗ്ധരുടെ പാനൽ ഉപയോഗിച്ച് ചോദ്യപേപ്പർ തയ്യാറാക്കുകയും ആയത് അടിയന്തിരമായി പ്രിന്റ് ചെയ്ത് സുരക്ഷാ ക്രമീകരണങ്ങളോടെ സൂക്ഷിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി. പരീക്ഷയുടെ സുഗമമായ നടത്തിപ്പിനായി ചീഫ് സൂപ്രണ്ട്, ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട്, ഇൻവിജിലേറ്റർ എന്നിവരുടെ നിയമനം സമയബന്ധിതമായി നടത്തുകയും ജില്ലാ അടിസ്ഥാനത്തിലും മേഖല അടിസ്ഥാനത്തിലും ഇവർക്ക് ആവശ്യമായ പരിശീലനം നൽകുകയും ചെയ്തു. പരീക്ഷയുടെ സുഗമമായ നടത്തിപ്പിന് സംസ്ഥാനതലത്തിലും ജില്ലാതലത്തിലും വിവിധ വകുപ്പുകളുടെ ഏകോപനത്തിനായി ആവശ്യമായ യോഗങ്ങൾ ചേർന്ന് നിർദ്ദേശങ്ങൾ നൽകുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തു. വാർഷിക പരീക്ഷകൾക്ക് മുൻപായി മതൃകാ പരീക്ഷകൾ നടത്തിയിരുന്നു. കൂടാതെ ചോദ്യപേപ്പർ സോർട്ടിംഗ്, പരീക്ഷാ നടത്തിപ്പ് എന്നിവയുമായി ബന്ധപ്പെട്ട് ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും പ്രഥമാധ്യാപകർക്കും വിശദമായ നിർദ്ദേശങ്ങൾ അടങ്ങിയ സർക്കുലറുകൾ സമയബന്ധിതമായി നൽകിയിട്ടുണ്ട്. പരീക്ഷാ സമയത്ത് ക്രമക്കേടുകൾ ഉണ്ടാകാതിരിക്കാൻ വിദ്യാഭ്യാസ ജില്ലാതലത്തിലും, റവന്യൂ ജില്ലാതലത്തിലും, സംസ്ഥാനതലത്തിലും സ്ക്വാഡുകൾ രൂപീകരിച്ച് ആവശ്യമായ മോണിറ്ററിംഗ് എല്ലാ പരീക്ഷാ ദിവസങ്ങളിലും നടത്തുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | **ഹയർസെക്കന്ററി**<br><br>കഴിഞ്ഞ അധ്യയന വർഷത്തെ ഹയർസെക്കന്ററി പരീക്ഷകൾ 01/03/2024 മുതൽ 26/03/2024 വരെ നടക്കുകയുണ്ടായി. രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ച് ഹാൾടിക്കറ്റ് വിതരണം യഥാസമയം നടത്തിയിരുന്നു. പരീക്ഷ നടത്തിപ്പിലേക്കായി ചീഫ് സൂപ്രണ്ട്, ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട്, ഇൻവിജിലേറ്റർമാർ എന്നിവരെ നിയമിച്ചിരുന്നു. ചീഫ് സൂപ്രണ്ട്മാരുടെയും മേഖല ഉപമേധാവിമാരുടെയും മീറ്റിംഗുകൾ സംഘടിപ്പിച്ചിരുന്നു. ഉത്തരക്കലാസുകളും ചോദ്യപേപ്പറുകളും കൃത്യസമയത്ത് എത്തിച്ചിരുന്നു. ചോദ്യപ്പേപ്പറുകളുടെ സുരക്ഷക്കായി നൈറ്റ് വാച്ച്മാൻമാരെ നിയമിച്ചിരുന്നു. വാർഷിക പരീക്ഷകൾക്ക് മുൻപായി മാതൃകാ പരീക്ഷകൾ നടത്തിയിരുന്നു. കേരളത്തിനകത്തും പുറത്തുമായി 2017 പരീക്ഷ കേന്ദ്രങ്ങളും കേരളത്തിനകത്തായി 77 മൂല്യനിർണ്ണയ ക്യാമ്പുകളും സജ്ജീകരിച്ചിരുന്നു. പരീക്ഷകളും അനുബന്ധപ്രവർത്തനങ്ങളും കുറ്റമറ്റ രീതിയിൽ പൂർത്തീകരിച്ച് ഫലപ്രഖ്യാപനം നടത്തിയിട്ടുണ്ട്. |
| (ബി) | വിദ്യാർത്ഥികളുടെ പരീക്ഷാഫലം സുതാര്യവും ശാസ്ത്രീയവും സമയബന്ധിതവുമായി പ്രഖ്യാപിക്കാൻ നടത്തിയ ശ്രമങ്ങൾ വിജയകരമായിരുന്നോ; വിശദാംശം അറിയിക്കാമോ; | (ബി) | **എസ്.എസ്.എൽ.സി**<br><br>2024 മാർച്ചിൽ നടന്ന എസ്.എസ്.എൽ.സി പരീക്ഷയുടെ ഫലം സമയബന്ധിതമായി പ്രഖ്യാപിക്കുന്നതിനായി 2024 ഏപ്രിൽ മാസത്തിൽ തന്നെ ഉത്തരക്കടലാസ്സുകളുടെ മൂല്യനിർണ്ണയം പൂർത്തീകരിക്കുന്നതിന് വേണ്ടി 03/04/2024 മുതൽ 20/04/2024 വരെ ഉത്തരക്കടലാസ്സ് മൂല്യനിർണ്ണയം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ഇതിനായി സംസ്ഥാനത്ത് ആകെ 70 മൂല്യനിർണ്ണയ ക്യാമ്പുകൾ ക്രമീകരിക്കുകയും ചെയ്തിരുന്നു. മൂല്യനിർണ്ണയം നടത്തുന്നതിനായി ഓരോ വിഷയത്തിലും മൂല്യനിർണ്ണയ സ്കീം തയ്യാറാക്കുകയും അതിനെ ആധാരമാക്കി ഉത്തര പേപ്പർ മൂല്യനിർണ്ണയം നടത്തുകയും ചെയ്തു. മൂല്യനിർണ്ണയ ക്യാമ്പുകളുടെ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന് ഓരോ ക്യാമ്പിലും ക്യാമ്പ് ഓഫീസറേയും, ഡെപ്യൂട്ടി ക്യാമ്പ് ഓഫീസറേയും നിയമിക്കുകയും ക്യാമ്പുകൾ തുടങ്ങുന്നതിന് മുന്നോടിയായി ക്യാമ്പ് ഓഫീസർമാർക്ക് പരിശീലനം നടത്തുകയും ചെയ്തിരുന്നു. സംസ്ഥാനത്തെ 70 മൂല്യനിർണ്ണയ ക്യാമ്പുകളിൽ അഡീഷണൽ ചീഫ് എക്സാമിനർമാരായി 930 അധ്യാപകർക്കും, അസിസ്റ്റന്റ് എക്സാമിനർമാരായി 8921 അധ്യാപകർക്കും ചുമതല നൽകി. മൂല്യനിർണ്ണയ |

| | | | |
|---|---|---|---|
| | | | ക്യാമ്പുകളിൽ നിന്ന് ഓരോ ദിവസത്തെയും സ്കോറുകൾ പരീക്ഷാ ഭവനിൽ ലഭ്യമാക്കുന്നതിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തി. ലോകസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കിടയിലും ഉത്തരക്കടലാസ് മൂല്യനിർണ്ണയം സമയബന്ധിതമായി തന്നെ പൂർത്തീകരിക്കാൻ കഴിഞ്ഞു. മൂല്യനിർണ്ണയ ക്യാമ്പുകൾക്ക് ആവശ്യമായ ഫണ്ട് വിതരണം നടത്തുകയും ചെയ്തു. പരീക്ഷാഭവനിലെ മുഴുവൻ ജീവനക്കാരെയും ഉൾപ്പെടുത്തി ടാബുലേഷൻ പൂർത്തികരിച്ചു. ഇത്തരത്തിൽ ശാസ്ത്രീയമായി ചെയ്തതിനാൽ കഴിഞ്ഞ വർഷം ഫലം പ്രഖ്യാപിച്ചതിനും 11 ദിവസങ്ങൾക്കു മുമ്പായി 08/05/2024 ന് പരീക്ഷാഫലം പ്രഖ്യാപിക്കുകയും ചെയ്തു. വിദ്യാർത്ഥികളുടെ പരീക്ഷാ ഫലം സുതാര്യവും ശാസ്ത്രീയവും സമയബന്ധിതവുമായി പ്രഖ്യാപിക്കുവാൻ നടത്തിയ ശ്രമങ്ങൾ വിജയകരമായിരുന്നു.<br><br>**ഹയർസെക്കന്ററി**<br>കഴിഞ്ഞ വർഷത്തെ ഹയർസെക്കന്ററി പരീക്ഷകളുടെ മൂല്യനിർണ്ണയം കേരളത്തിനകത്തായി 77 മൂല്യനിർണ്ണയ ക്യാമ്പുകളിലാണ് നടന്നത്. 757 ക്യാമ്പ് ഒഫിഷ്യൽസിനെ 77 മൂല്യനിർണ്ണയ ക്യാമ്പുകളിൽ നിയോഗിച്ച്, 24,397 അധ്യാപകരെ പങ്കെടുപ്പിച്ച് കൊണ്ട് 03/04/2024-ൽ ആരംഭിച്ച മൂല്യനിർണ്ണയം 26/04/2024 -ൽ പൂർത്തീകരിച്ചു. മൂല്യനിർണ്ണയ ക്യാമ്പുകളിൽ തന്നെ ടാബുലേഷൻ നടത്തി ഡേറ്റ എടുത്ത് ഡയറക്ടേറ്റിൽ പ്രോസസ്സ് ചെയ്ത് 04/05/2024 ന് പരീക്ഷ ബോർഡ് കൂടി ഫലപ്രഖ്യാപനത്തീയതി തീരുമാനിക്കുകയും 09/05/2024-ന് ഫലപ്രഖ്യാപനം നടത്തുകയും ചെയ്തിട്ടുണ്ട്. മുൻ വർഷത്തേക്കാൾ 16 ദിവസം മുൻപാണ് ഈ വർഷത്തെ ഫലപ്രഖ്യാപനം നടത്തിയത്. |
| (സി) | സർട്ടിഫിക്കറ്റുകൾ സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് നടത്തിയ നടപടികൾ വിശദമാക്കുമോ? | (സി) | **എസ്.എസ്.എൽ.സി**<br><br>2024 മാർച്ചിൽ നടന്ന എസ്.എസ്.എൽ.സി പരീക്ഷയുടെ സർട്ടിഫിക്കറ്റുകൾ പ്രിന്റിംഗിനുള്ള നടപടികൾ ഇതിനോടകം ആരംഭിച്ചിട്ടുണ്ട്. 2024 മേയ് 28 മുതൽ ജൂൺ 6 വരെ നടന്ന എസ്.എസ്.എൽ.സി സേ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് സർട്ടിഫിക്കറ്റ് പ്രിന്റിംഗ് പൂർത്തിയാക്കി വിതരണം ചെയ്യുന്നതാണ്.<br><br>**ഹയർസെക്കന്ററി** |

| | | | |
|---|---|---|---|
| | | | ഹയർസെക്കന്ററി സർട്ടിഫിക്കറ്റുകൾ സെക്യൂരിറ്റി പ്രിൻറിംഗ് പ്രസ്സിൽ നിന്നും പ്രിൻറ് ചെയ്ത് രണ്ടായിരത്തിലധികം വരുന്ന സ്കൂളുകളിലേക്ക് തപാൽ മാർഗ്ഗം അയക്കുമ്പോൾ കാലതാമസം നേരിടുന്നതിനാൽ കഴിഞ്ഞ വർഷം മുതൽ സർട്ടിഫിക്കറ്റുകൾ ജില്ലാ കേന്ദ്രങ്ങളിൽ എത്തിച്ച് അവിടെ നിന്നു വിതരണം ചെയ്യുന്നതിനാൽ സർട്ടിഫിക്കറ്റുകൾ വേഗത്തിൽ വിദ്യാർത്ഥികളിലേക്ക് എത്തിക്കാൻ സാധിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ